**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2182** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>മുക്കം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിട നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** നബാർഡിന്റെ ധനസഹായത്തോടെ നിർമ്മിക്കുന്ന മുക്കം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം വന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മുക്കം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കെട്ടിടനിർമ്മാണത്തിന് നബാർഡ് ട്രാഞ്ചെ 30-ൽ ഉൾപ്പെടുത്തി 1361.82 ലക്ഷം രൂപയുടെ ഭരണാനുമതി 25.03.2025 തീയതിയിൽ നൽകിയിരുന്നു. പ്രസ്തുത നിർമ്മാണ സ്ഥലത്തെ പഴയ 5 കെട്ടിടങ്ങൾ (എക്സ്റേ കെട്ടിടം, ലബോറട്ടറി കെട്ടിടം, ഫാർമസി & സ്റ്റോർ കെട്ടിടം, മെഡിക്കൽ ഓഫീസറുടെ ഓഫീസ് കെട്ടിടം, പൊതുജനാരോഗ്യം, പാലിയേറ്റീവ്, ഡ്രസിങ് എന്നിവയ്ക്കായുള്ള കെട്ടിടം) പൊളിച്ച് മാറ്റുന്നതിന് അനുമതിക്കായി 13/01/2026 -ൽ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായ പ്രൊപ്പോസലിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിരുന്നില്ല. തുടർന്ന് പ്രസ്തുത കെട്ടിടങ്ങൾ അൺഫിറ്റ് ആണെന്ന സർട്ടിഫിക്കറ്റ് 30/01/2026-ൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാകുകയും, ആയത് പ്രകാരം ടി കെട്ടിടങ്ങൾ പൊളിച്ച് മാറ്റുന്നതിന് അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലുമാണ്. നിർമ്മാണ സ്ഥലത്തെ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് മുൻസിപ്പൽ സെക്രട്ടറിക്ക് കത്ത് നൽകിയത് പ്രകാരം വൃക്ഷ കമ്മിറ്റി അംഗങ്ങൾ സർവ്വേ നടത്തുകയും 36 മരങ്ങൾ മുറിച്ച് മാറ്റുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. മരങ്ങളുടെ വാല്യുവേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. നിലവിലെ കെട്ടിടങ്ങളിലെ ഉപകരണങ്ങളും മറ്റും മാറ്റി സ്ഥാപിക്കുന്നതിന് വാടക കെട്ടിടം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ മുക്കം മുൻസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ നടന്നു വരുന്നു. മേൽ തടസ്സങ്ങൾ പരിഹരിച്ച് നിർമ്മാണ പ്രവൃത്തികൾ താമസംവിനാ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** സാങ്കേതിക പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിച്ച് നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**